(NCRMI) സഹായകമാകുന്നു. ഈ പരിപാടികളെല്ലാം കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുവാനും വാർഷിക കയറ്റുമതി ഉയർത്തുവാനും ഉദ്ദേശിച്ചുള്ളവയാണ്.

പാലക്കാട് ജില്ലയെ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുവാൻ നടപടി

108 [1187] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 വേനൽക്കാലത്തെ വരൾച്ചയിൽ പാലക്കാട് ജില്ലയിൽ നെല്ല്, തെങ്ങ്, കമുക്, വാഴ തുടങ്ങിയ കൃഷികൾ നശിച്ചതുമൂലം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൃഷി നാശം സംഭവിച്ച കർഷകർക്ക് ദുരിതാശ്വാസം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) പാലക്കാട് ജില്ലയിൽ എത്ര കർഷകർ വരൾച്ചാ ദുരിതാശ്വാസത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഇവരിൽ എത്ര പേർക്ക് ഇതുവരെയായി വരൾച്ചാ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്;

(ഇ) 2004-ലെ ഭീമമായ കൃഷി നാശത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-ലെ വരൾച്ചയിൽ പാലക്കാട് ജില്ലയിൽ നെൽകൃഷിക്ക് 10,108.32 ലക്ഷം രൂപയുടേയും തെങ്ങ് കൃഷിക്ക് 1904 ലക്ഷം രൂപയുടേയും വാഴകൃഷിക്ക് 4905 ലക്ഷം രൂപയുടേയും കമുക് കൃഷിക്ക് 186.76 ലക്ഷം രൂപയുടേയും നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് സർക്കാർ ദുരിതാശ്വാസം നൽകി വരുന്നു.

(ഡി) പാലക്കാട് ജില്ലയിൽ 88628 കർഷകർ വരൾച്ചാ ദുരിതാശ്വാസത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഇവരിൽ 88520 കർഷകർക്കായി 13.94 കോടി രൂപ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ഇ) പാലക്കാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

കാർഷിക വൈദ്യുതി ചാർജ്

109 [1188] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കാർഷിക വൈദ്യുതി ചാർജ് ഇനത്തിൽ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക വൈദ്യുതി സബ്സിഡി അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് പറയാമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ സൗജന്യ വൈദ്യുതി പദ്ധതിക്കായി അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

2001-2002—300 ലക്ഷം രൂപ
2002-2003—300 ലക്ഷം രൂപ
2003-2004—800 ലക്ഷം രൂപ

(ബി) ഉണ്ട്.

(സി) കർഷകർക്കായുള്ള സൗജന്യ വൈദ്യുതി പദ്ധതിക്കായി ഓരോ വർഷവും ബജറ്റിൽ തുക വകയിരുത്തുന്നുണ്ട്. എന്നാൽ ഈ തുക തികയാതെ വരുന്നതിനാൽ വൈദ്യുത ബോർഡിന് 2004-05 വർഷം കുടുശ്ശികയടക്കം 61.15 കോടി രൂപ നൽകാനുണ്ടായിരുന്നു. ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഇതിനായി 5 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. ബാക്കി കുടിശ്ശിക കൂടി കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കേരള കാർഷിക സർവ്വകലാശാലയിൽ ഉള്ള ഒഴിവുകൾ

110 [1191] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ അദ്ധ്യാപക മിനിസ്റ്റീരിയൽ, റിസർച്ച് വിഭാഗത്തിൽ എല്ലാംകൂടി എത്ര തസ്തികകളാണ് നിലവിൽ ഉള്ളത്;

(ബി) ഇതിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികകളാണ് ഉള്ളതെന്നും എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും വെളിപ്പെടുത്താമോ;

(സി) ഒഴിവുകൾ ഉള്ളതിന്റെ ഭാഗമായി അക്കാഡമിക് താൽപ്പര്യവും യൂണിവേഴ്സിറ്റിയുടെ ദൈനംദിനഭരണവും നഷ്ടപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly